II ഇ.ബി.XIV-കേരള നിയമസഭ/V-17

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2017 മേയ് 19, വെള്ളി

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. വി. ശശിയുടെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

60(*511) പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുരോഗതി ഉറപ്പുവരുത്താനുള്ള പദ്ധതികൾ

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) നൽകിയ മറുപടിയിൽ, പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ പുരോഗതി ഉറപ്പുവരുത്തുന്നതിനായി എല്ലാവർക്കും പാർപ്പിടം, വിദേശ സർവ്വകലാശാലകളിൽ പഠനസൗകര്യം, തൊഴിൽ പരിശീലന പരിപാടികൾ, സ്വയം തൊഴിലിനുള്ള വായ്പയും സബ്സിഡിയും ദുർബ്ബല ജനവിഭാഗങ്ങൾക്ക് പ്രത്യേക പാക്കേജ്,

പെൺകുട്ടികളുടെ വിവാഹത്തിനും മിശ്രവിവാഹത്തിനും ധനസഹായം, ചികിത്സാ സഹായം തുടങ്ങിയവ നടപ്പിലാക്കിവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പെൺകുട്ടികളുടെ സുരക്ഷയ്ക്കായി വാത്സല്യനിധി, പഠനമുറി, വർക്കിംഗ് വിമെൺസ് ഹോസ്റ്റലുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ തുടങ്ങിയ പദ്ധതികൾ 2017-18-ൽ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും സംവരണ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും ബാക്ക് ലോഗ് നികത്തുന്നതിനും റിവ്യൂ കമ്മിറ്റി പ്രവർത്തിക്കുന്നുണ്ടെന്നും ഭൂപരിഷ്കരണ നിയമത്തിലൂടെ ടി വിഭാഗക്കാരുടെ സാമൂഹ്യ-സാമ്പത്തിക പശ്ചാത്തലങ്ങളിൽ മാറ്റം വരുത്താൻ കഴിഞ്ഞുവെന്നും മന്ത്രി വ്യക്തമാക്കി. ആറ് ഹോസ്റ്റലുകൾ, മൂന്ന് ഐ.ടി.ഐ. കെട്ടിടങ്ങൾ, ഒരു പി.ഇ.ടി.സി. എന്നിവ കിഫ്ബി മുഖേന നടപ്പിലാക്കുമെന്നും എം.ആർ.എസ്.-കളിൽ പ്ലസ് ടു കോഴ്സ് അനുവദിക്കുമെന്നും ഏഴ് ഐ.ടി.ഐ.-കളെ മോഡൽ റെസിഡൻഷ്യൽ ഐ.ടി.ഐ.-കളാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും പട്ടിക വിഭാഗക്കാരുടെ പുരോഗതിക്കായി നീക്കിവയ്ക്കുന്ന തുക അവർക്കുതന്നെ വിനിയോഗിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിയമനിർമ്മാണം നടത്തുന്ന കാര്യം പരിഗണനയിലാണെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ-സ്വകാര്യ-എയ്ഡഡ്-അൺ എയ്ഡഡ് വിദ്യാഭ്യാസ മേഖലകളിൽ സംവരണം ഉറപ്പ് വരുത്തുമെന്നും ദേവസ്വം ബോർഡ് കോളേജുകളിൽ

സംവരണം നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമെന്നും സാംസ്കാരിക സ്ഥാപനങ്ങളിലേയ്ക്കും എക്സിക്യൂട്ടീവ് പോസ്റ്റുകളിലേയ്ക്കുമുള്ള നിയമനങ്ങളിൽ സംവരണം പാലിക്കപ്പെടുന്നുണ്ടോയെന്ന് പരിശോധിക്കുമെന്നും മന്ത്രി വ്യക്തമാക്കി. അഭ്യസ്തവിദ്യരും ഗോത്രഭാഷാ വിദഗ്ദ്ധരുമായ 241 പേരെ ഭാഷാ അദ്ധ്യാപകരായി നിയമിക്കുന്നതിനും ആംഗ്ലോ ഇന്ത്യൻ സമുദായക്കാർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാർക്കായി ബോധവത്കരണ പരിപാടികൾ സംഘടിപ്പിക്കുമെന്നും ഇവർ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾ ഗദ്ദികയിലൂടെ വിറ്റഴിക്കുന്നതിനും തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും മുൻകയ്യെടുക്കുമെന്നും പ്രൊമോട്ടർമാരുടെ പ്രവർത്തനങ്ങൾ റിവ്യൂവിനു വിധേയമാക്കുമെന്നും അരുവിക്കര മണ്ഡലത്തിൽ കോളനി അനുവദിക്കുന്ന കാര്യം പരിശോധിക്കുമെന്നും വ്യാജ സർട്ടിഫിക്കറ്റ് ഉപയോഗിച്ച് ജോലി കരസ്ഥമാക്കുന്നവർക്കെതിരെ നിയമനടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

61(*512) <u>മത്സ്യസമ്പത്തിന്റെ സംരക്ഷണം</u>

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ,

മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി കായൽ പട്രോളിംഗ്, മത്സ്യസങ്കേതം സ്ഥാപിക്കൽ എന്നിവയ്ക്കുപുറമെ കാർപ്പ്, ആറ്റുകൊഞ്ച്, ചെമ്മീൻ, കരിമീൻ, കണമ്പ് തുടങ്ങിയ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിനും കൃത്രിമ പാരു നിർമ്മിക്കുന്നതിനും കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനും ചെറു മത്സ്യബന്ധനം നിരോധിക്കുന്നതിനും മത്സ്യ സമ്പത്ത് പരിപോഷിപ്പിക്കുന്നതിനും ട്രോളിംഗ് നിരോധനം ഏർപ്പെടുത്തുന്നതിനുമായി ഗ്രീൻ ബുക്കിൽ ഉൾപ്പെടുത്തി 350 ലക്ഷം രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ കണ്ടൽക്കാടുകൾ വച്ചുപിടിപ്പിക്കുന്നതിനായി 20 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ടെന്നും കൈപ്പാട്, പൊക്കാളി, കുട്ടനാട് തുടങ്ങിയ ഉൾനാടൻ പാടശേഖരങ്ങളിലെ മത്സ്യകൃഷി വർദ്ധിപ്പിക്കുന്നതിന് 25 കോടി രൂപ ലഭ്യമായിട്ടുണ്ടെന്നും നിയമവിരുദ്ധ മത്സ്യബന്ധനം നടത്തുന്ന യാനങ്ങൾക്കെതിരെ പിഴ ഉൾപ്പെടെയുള്ള നിയമനടപടികൾ സ്വീകരിക്കുന്നതാണെന്നും മത്സ്യസമ്പത്തിന്റെ സംരക്ഷണത്തിനായി ഫിർമ നടത്തുന്ന ഗവേഷണ പ്രവർത്തനങ്ങളുടെ അന്തിമ റിപ്പോർട്ട് തയ്യാറാക്കിവരികയാണെന്നും തീരദേശ മേഖലയുടെ സാംസ്കാരിക ഉന്നമനത്തിനായി അക്ഷരസാഗരം പദ്ധതി നടപ്പിലാക്കുന്നുണ്ടെന്നും മന്ത്രി

വ്യക്തമാക്കി. റാംസർ അഷ്ടമുടി-വേമ്പനാട് കായലുകളുടെയും ശാസ്താംകോട്ട തടാകത്തിന്റെയും ആവാസവ്യവസ്ഥ പുനഃസ്ഥാപിക്കുന്നതിന് വിദഗ്ദ്ധ സമിതിയെ നിയോഗിക്കുന്നതാണ്. കെ.എം.എഫ്.ആർ. ആക്ട് ഭേദഗതി വരുത്തുന്നതോടൊപ്പം രജിസ്റ്റേർഡ് ബോട്ട് യാർഡുകൾ നിർബന്ധമാക്കുമെന്നും മത്സ്യബന്ധന മേഖലയിൽ കർശനമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമെന്നും KUFOS - ലെ സ്റ്റാഫിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും 'ഒരു മീനും ഒരു നെല്ലും' പദ്ധതി വ്യാപകമാക്കുമെന്നും പട്രോളിംഗ് സംവിധാനം ശക്തിപ്പെടുത്തുമെന്നും ചെറു മത്സ്യബന്ധനം നിയന്ത്രണ വിധേയമാക്കുമെന്നും റീസർക്കുലേറ്റഡ് അക്വാകൾച്ചർ സിസ്റ്റത്തിലൂടെ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുമെന്നും മന്ത്രി അറിയിച്ചു. പ്രകൃതി സംരക്ഷണത്തിനും ആഗോള താപനം പ്രതിരോധിക്കുന്നതിനുമുള്ള പദ്ധതികൾക്ക് തുടക്കം കുറിച്ചിട്ടുണ്ടെന്നും ഇൻകോയിസിന്റെ (INCOIS) സാങ്കേതിക സഹായത്തോടെ മത്സ്യക്കൂട്ടങ്ങളെ കണ്ടെത്തുന്നതിന് സംവിധാനമൊരുക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

62(*513) <u>വനഭൂമിയുമായി ചേർന്ന് കിടക്കുന്ന സ്വകാര്യഭൂമിയുടെ ക്രയവിക്രയം</u>

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു)

നൽകിയ മറുപടിയിൽ, വനഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ സ്ഥലങ്ങൾ ക്രയവിക്രയം നടത്തുന്നതിനും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനും തർക്കങ്ങളും വ്യവഹാരങ്ങളും നിലനിൽക്കുന്ന സ്ഥലങ്ങളിൽ സർവ്വേ നടത്തി അതിർത്തി നിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നുണ്ടെന്നും റിസർവ് വനം, നിക്ഷിപ്ത വനം, പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ എന്നിവയുമായി അതിർത്തി പങ്കിടുന്ന സ്വകാര്യ ഭൂമികൾ ഉൾപ്പെടുന്ന മലയോര/മലബാർ മേഖലകൾ എന്നിവിടങ്ങളിൽ നിന്നാണ് നിരാക്ഷേപപത്രത്തിനുള്ള അപേക്ഷകൾ ലഭിക്കുന്നതെന്ന് സഭയെ അറിയിച്ചു. ജോയിന്റ് വെരിഫിക്കേഷനും സർവ്വേയും സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വനാതിർത്തി ജണ്ട കെട്ടി തിരിക്കുന്നതിന് വനം വകുപ്പുദ്യോഗസ്ഥർക്ക് പരിശീലനം നൽകുന്നുണ്ടെന്നും അടുത്ത 3 വർഷത്തിനുള്ളിൽ വനാതിർത്തിയിലെ ജണ്ട നിർമ്മാണം പൂർത്തിയാക്കുമെന്നും ടി പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് സ്വകാര്യ വനഭൂമിയുടെ ഉടമസ്ഥർ തമ്മിലുള്ള തർക്കങ്ങൾ അവസാനിപ്പിച്ച് ഫെൻസിംഗ് നിർമ്മാണം ആരംഭിക്കുമെന്നും നോട്ടീസോ, കോമ്പൻസേഷനോ നൽകാതെ കൈവശഭൂമി ഏറ്റെടുക്കില്ലെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 4670 മുതൽ 4864 വരെയുള്ള ചോദ്യങ്ങളിൽ 128 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)